Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
TO SERVE IN TRUTH AND LOVE
PB No 2251, Palarivattom, Kochi - 682025, Kerala, India.
Tel: 91-484-2805722, 2805815, Fax: 0484 280 6214, E-mail: deputysecretarykcbc@gmail.com

All Kerala Press Release

17.08.2024

## ഡോ. എം.എസ്. വലിയത്താൻ അർഹിച്ച ആദരം കേരള സമൂഹം നല്കിയില്ല: ജസ്റ്റീസ് കെ. സുകുമാരൻ

കൊച്ചി: ഇന്ത്യയിലെ ആരോഗ്യ സാങ്കേതിക വിദ്യയ്ക്ക് മഹത്തായ സംഭാവനകൾ നൽകിയും തിരുവനന്തപുരത്തെ ശ്രീ ചിത്തിര മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയെ ഇന്നു കാണുന്ന വിധത്തിൽ രാജ്യത്തിന്റെ അഭിമാനമായി ഉയർത്തുന്നതിൽ നിർണായക പങ്കുവഹിക്കുകയും ചെയ്ത ഡോ. എം. എസ്. വലിയത്താന് അർഹതപ്പെട്ട ആദരം നല്കുന്നതിൽ കേരളം പരാജയപ്പെട്ടുവെന്ന് ജസ്റ്റീസ് കെ. സുകുമാരൻ പറഞ്ഞു. പാലാരിവട്ടം പിഒസിയിൽ, പിഒസിയും കാന്തല്ലൂർ കൃഷി നാട്ടറിവ് പഠനകേന്ദ്രവും സംയുക്തമായി നടത്തിയ എം.എസ്. വലിയത്താൻ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അലോപ്പതിയും ആയൂർവേദവും ആരോഗ്യ ശാസ്ത്രരംഗത്ത് മികവുറ്റ ചികിത്സാരീതികളാണെന്ന് ലോകത്തിനു ബോധ്യപ്പെടുത്തി കൊടുക്കാൻ അക്ഷീണം യത്നിച്ച വ്യക്തിയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. അച്ചുതമേനോൻ അദ്ദേഹത്തിലർപ്പിച്ച വിശ്വാസവും നല്കിയ സ്വാതന്ത്ര്യവും കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്ക് വലിയ മുതൽകൂട്ടായി ശ്രീ ചിത്തിരയെ മാറ്റുവാൻ അദ്ദേഹം പ്രയോജനപ്പെടുത്തി. ആയൂർവേദത്തിന്റെ അനന്ത സാധ്യതകളെ ആരോഗ്യപരിപാലനത്തിന് ഉപയുക്തമാക്കാൻ ആധുനിക സമൂഹത്തെ വലിയതോതിലാണ് അദ്ദേഹം പ്രചോദിപ്പിച്ചിട്ടുള്ളത്. ചെറുതെങ്കിലും അർഥവത്തായ ഈ യോഗം അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കുന്നുവെന്നത് അഭിമാനം നല്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റേയും കാന്തല്ലൂർ കൃഷി നാട്ടറിവ് പഠനകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അനുസ്മരണായോഗത്തിൽ പിഒസി ഡയറക്ടർ ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി അദ്ധ്യക്ഷനായിരുന്നു. ഡോ. കെ. മുരളി, ഡോ. അഭിലാഷ് വി.ആർ നാഥ്, ജിയോ ജോസ്, ഫാ. പ്രൊഫ. ഡോ. എം.കെ. ജോസ്, ശ്രീ. എം.എം. അബ്ബാസ് തുടങ്ങിയവർ പ്രസംഗിച്ചു.

തുടർന്ന് കാന്തല്ലൂർ പഠനകേന്ദ്രം ഡയറക്ടർ എം.എം. അബ്ബാസ്, ഫാ. പ്രൊഫ. ഡോ. എം.കെ. ജോസ് എന്നിവർ എഡിറ്റ് ചെയ്ത "കുടുംബകൃഷി ആരോഗ്യ സുരക്ഷാ കൃഷിമാർഗം" എന്ന പുസ്തകം കേരള ബാങ്ക് പ്രസിഡന്റ് ശ്രീ ഗോപി കോട്ടമുറിക്കൽ പ്രകാശനം ചെയ്തു. ജൈവകൃഷിയിൽ സംസ്ഥാന പുരസ്കാരം നേടിയ ശ്രീ. പ്രകാശ് മായ്ത്തറ പുസ്തകം ഏറ്റുവാങ്ങി.

KERALA CATHOLIC BISHOPS' COUNCIL

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: പിഒസിയും കാന്തല്ലൂർ കൃഷി നാട്ടറിവ് പഠനകേന്ദ്രവും സംയുക്തമായി നടത്തിയ എം.എസ്. വലിയത്താൻ അനുസ്മരണയോഗം ജസ്റ്റീസ് കെ. സുകുമാരൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു. ഡോ. കെ. മുരളി, ഫാ. പ്രൊഫ. ഡോ. എം.കെ. ജോസ്, ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി തുടങ്ങിയവർ സമീപം.